കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി.പി8/1207/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ ജില്ല
തീയതി.31.08.2018
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി.പി8/1207/2018 തീയതി.31.08.2018

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.06.2017 മുതൽ 05.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2018മുതൽ 20.07.2018 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. അഫ്സത്ത് | 01.04.2017മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. സി.എ.ജയശ്രീ | 01.04.2017മുതൽ 12.05.2017 വരെ |
| 2 | ശ്രീ. വി.എം. സജി | 13.05.2017മുതൽ 07.06.2017 വരെ |
| 3 | ശ്രീ. പി.എസ്. രാമചന്ദ്രൻ | 08.06.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.യു.രാജു മോൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീമതി.ജി.രാധ | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സി.പ്രദീപ് | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി.ഷീജ നൗഷാദ് | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.അജിത്കുമാർ.സി.എസ് | 01.04.2017മുതൽ<br>10.04.2017വരെ |
| | | ശ്രീമതി.ഷെബീന.എച്ച് | 11.04.2017മുതൽ<br>12.06.2017 വരെ |
| | | ശ്രീമതി.ആശാചന്ദ്രൻ | 13.06.2017മുതൽ<br>31.07.2017വരെ |
| | | ശ്രീമതി.ഷെബീന.എച്ച് | 01.08.2017മുതൽ<br>01.11.2017വരെ |
| | | ശ്രീമതി.അഖില.എം.യു | 02.11.2017മുതൽ<br>31.03.2018വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബിജു.എസ് | 01.04.2017മുതൽ<br>31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.തനുജ | 01.04.2017മുതൽ<br>31.03.2018വരെ |
| 5 | വി.ഇ.ഒ | ശ്രീ.അജയഘോഷ് | 01.04.2017മുതൽ<br>21.07.2017 വരെ |
| | | ശ്രീ.സാംസൺ | 22.07.2017മുതൽ<br>31.10.2017 വരെ |

| | | | |
|---|---|---|---|
| | | | |
| | | ശ്രീഅജയഘോഷ് | 01.11.2017മുതൽ 31.03.2018 വരെ |
| | | ശ്രീ.രാധാകൃഷ്ണൻ | 01.04.2017മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷിബു.എസ് | 01.04.2017മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഉമാദേവി | 01.04.2017മുതൽ 31.03.2018 വരെ |
| 8 | ഹെഡ് മാസ്റ്റർ | ശ്രീ.ബൈജു ഇ.വി | 01.04.2017മുതൽ 31.03.2018 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.യാമിനിദാസ് | 01.04.2017മുതൽ 07.10.2017വരെ |
| | | ശ്രീമതി.ജിജി.ജെ | 08.10.2017 മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വി.എം. സജി | 01.04.2017മുതൽ 21.07.2017വരെ |
| | | ശ്രീ.മുഹമ്മദ് ഇക്ബാൽ | 22.07.2017മുതൽ 31.07.2017വരെ |
| | | ശ്രീ.ബിജു.കെ | 01.08.2017മുതൽ 31.03.2018 വരെ |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.ബിനുമോൻ | 01.04.2017മുതൽ 13.11.2017 വരെ |
| | | ശ്രീ.സെൽമാബീവി.എ | 14.11.2017മുതൽ 31.03.2018 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.ലൂസി.എ.ഐ | 01.04.2017മുതൽ 31.03.2018 വരെ |

## ഭാഗം 1

## <u>പൊതു അവലോകനം</u>

### 1-1 <u>ബജറ്റ്</u>

2017-18 വർഷത്തെ ബജറ്റ് 20.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 186595000 | 184018000 |
| വാർഷിക കണക്ക് പ്രകാരം | 65246929 | 73068223 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 31.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | ജി.എ4-1126(1)/2018/ 04.07.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12905828 |
| വരവ് | 65246929 |

| | |
|---|---|
| ആകെ | 78152757 |
| ചെലവ് | 73068223 |
| നീക്കിയിരിപ്പ് | 5084534 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 17281231 | 17281231 | 17269565 | 11666 |
| വികസനഫണ്ട് എസ്.സി.പി. | -- | 2865267 | 2865267 | 2608377 | 256890 |
| വികസനഫണ്ട് ടി.എസ്.പി. | -- | 98959 | 98959 | 60000 | 38959 |
| സംരക്ഷണ ഗ്രാന്റ് റോഡ് | -- | 3998000 | 3998000 | 3998000 | -- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 3887000 | 3887000 | 3887000 | -- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | -- | 13525600 | 1325600 | 9934429 | 3591171 |
| കെ.എൽ.എസ്.ജി. ഡി. പി | -- | 1912625 | 1912625 | 1115000 | 797625 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 2630536 | 10247000 | 12877536 | 12850479 | 27057 |
| എസ്.ബി.റ്റി ലിറ്ററസി | -- | 36871 | 36871 | NIL | 36871 |
| എസ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 7903 | 649 | 8552 | NIL | 8552 |
| എം.എൻ.ആർ.ഇ. ജി. എസ് | 38287 | 1114515 | 1152802 | 1152656 | 146 |
| എസ്.ബി.റ്റി പൈക്ക | 164088 | 130643 | 294731 | 101340 | 193391 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | -- | 2160445 | 2160445 | 2184964 | -24519 |
| ബി ഫണ്ട് | -- | 242280 | 242280 | 242280 | -- |
| തനത് ഫണ്ട് | 9744621 | 12383957 | 22128578 | 17343882 | 47849696 |
| ക്യാഷ് (തനത്) | 320393 | 58198 | 378591 | 320393 | 58198 |
| ആകെ | 12905828 | 65246929 | 78152757 | 73068365 | 5084392 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 59414840 | 138 | 44705181 | 7 | 7 | 90.79% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38287 | 1114515 | 1152802 | 1152656 | 146 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 46882887 | 46882887 | 46882887 | -- |
| ആകെ | 38287 | 47997402 | 48035689 | 48035543 | 146 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242280 | 538 |
| കർഷകതൊഴിലാളി പെൻഷൻ | 8548300 | 746 |
| വിധവാപെൻഷൻ | 10227700 | 907 |
| വാർദ്ധക്യകാലപെൻഷൻ | 16443500 | 1346 |
| വികലാംഗപെൻഷൻ | 4124400 | 364 |
| വിവാഹധനസഹായം | 540000 | 18 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 310500 | 25 |
| ആകെ | 40436680 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5391/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ മെയിലുകളുമാണ് ഓഫീസ് മേധാവി ഇൻഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. അല്ലാതെയുള്ള അപേക്ഷകളും മറ്റും നേരിട്ട് സെക്ഷനിലേയ്ക്ക് പോകുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
7. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.06.2018 മുതൽ 27.06.2018 വരെ | -- | 07.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2017 മുതൽ 28.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | 11.05.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ജി.എ4-1126(1)/2018/ 4.7.18 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വരവ് നിരീക്ഷണങ്ങൾ

1. വസ്തുനികുതി നിർണ്ണയം അപാകതകൾ

2017-18 വർഷം നമ്പർ നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായിട്ടുള്ളതായി കാണുന്നു.

1. 12/115A, 12/115b എന്നി നമ്പരുകൾ നൽകിയിട്ടുള്ള കടമുറികളുടെ കംപ്ലീറ്റഡ് പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 331.58 $m^2$ ആണ്. എന്നാൽ വസ്തുനികുതി അസ്സസ് ചെയ്തതിൽ രണ്ട് കടമുറികൾക്കുമായി 313.88 $m^2$ (156.94 m2 +156.94) തറവിസ്തീർണ്ണം മാത്രമാണ് അസ്സസ് ചെയ്തിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ആകെ തറവിസ്തീർണ്ണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.
2. പാർപ്പിടാവശ്യത്തിനുള്ള 6/124 നമ്പരായ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം കംപ്ലീഷൻ പ്ലാൻ പ്രകാരം 107.32 $m^2$ ആണ്. ഈ കെട്ടിടത്തിലെ ഒരു മുറി (7.02 $m^2$) കടയായി ഉപയോഗിക്കുന്നുണ്ട്. നിലവിൽ കട ഒഴിച്ചുള്ള ബാക്കി ഭാഗം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 100.3 $m^2$ ആണ്. സഞ്ചയ സോഫ്റ്റ്‌വെയർ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ തറവിസ്തീർണ്ണം 60 $m^2$ എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത് . ഒരു ചതുരശ്രമീറ്ററിന് 6/-രൂപ നിരക്കിൽ 100.3 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി ആവശ്യമായ ഇളവുകളും വർദ്ധനകളും ഉൾപ്പെടുത്തി

പുനർ നിർണ്ണയിക്കേണ്ടതാണ്.

3. XII/81A, XII/81B എന്നീ കെട്ടിടങ്ങളുടെ നികുതി നിലവിൽ 226.592 $m^2$, 92.6125$m^2$ തറവിസ്തീർണ്ണത്തിലാണ് നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. ഈടാക്കിയ വസ്തുനികുതിയുടെ കൃത്യത പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയർ വസ്തുനികുതി നിർണ്ണയ ഫോം പരിശോധിച്ചതിൽ രണ്ട് കെട്ടിടത്തെയും 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ് എന്നീ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ട് കെട്ടിടങ്ങളുടെയും ആകെ തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലായതിനാൽ വ്യത്യസ്ത നമ്പർ നൽകി നികുതി ഈടാക്കിയാലും, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ് എന്നീ വിഭാഗത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. മേൽ ഖണ്ഡികകളിൽ പ്രസ്താവിച്ചത് പോലെ ഈ കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം കാണിക്കുന്ന കംപ്ലീഷൻ പ്ലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ കൃത്യമായ തറവിസ്തീർണ്ണം കണക്കാക്കി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. പുതിയ നികുതി നിർണ്ണയം നടത്തുമ്പോൾ 100 ച.മീറ്ററിന് മുകളിൽ ഹോട്ടൽ റസ്റ്റോറന്റ് എന്നീ വിഭാഗത്തിൽ XII/81A, XII/81B എന്ന രണ്ട് കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ആവശ്യമായ ഇളവുകളും വർദ്ധനവുകളും നൽകി പുന:നിർണ്ണയിക്കേണ്ടതും പരിഷ്കരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തൻവർഷം കെട്ടിടനികുതി വരവ് നൂറ് ശതമാനമാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നികുതി പിരിവിൽ അപാകതയുള്ളതായി കാണുന്നു. കെട്ടിടനികുതി വരവുകൾ കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

4. അനധികൃത നിർമ്മാണം പൂർണ്ണമായും റഗുലറൈസ് ചെയ്തില്ല :- ഉമ്മർ കദളിപ്പറമ്പ് കാക്കാഴം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 192$m^2$ തറവിസ്തീർണ്ണത്തിന് മാത്രമാണ് പെർമിറ്റ് നൽകിയത് (പെർമിറ്റ് നം. 3439/17-18/17/11.05.17). കെട്ടിട നമ്പർ നൽകുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥന്റെ രേഖപ്പെടുത്തൽ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 370.47$m^2$ ആണ്. എന്നാൽ ആകെ തറവിസ്തീർണ്ണം വ്യക്തമാക്കുന്ന കംപ്ലീഷൻ പ്ലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അനധികൃതമായി നിർമ്മിച്ചത് 178.47 $m^2$ ആണെങ്കിലും അനധികൃതമായി നിർമ്മിച്ചതിൽ റഗുലറൈസ് ചെയ്തിട്ടുള്ളത് 127.21$m^2$ തറവിസ്തീർണ്ണം മാത്രമാണ്. അവശേഷിക്കുന്ന 51.26 $m^2$ തറവിസ്തീർണ്ണം റഗുലറൈസ് ചെയ്തിട്ടില്ല. അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും റഗുലറൈസ് ചെയ്ത് റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

## 2-2 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറികൾക്ക് വാടക ഈടാക്കുന്നില്ല

അമ്പലപ്പുഴ വടക്ക് വില്ലേജ് ഓഫീസിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 12/02/2014 ലെ IV(26) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3, 4 മുറികൾ വാടകയ്ക്ക് നല്കാൻ തീരുമാനിച്ച് 2500/- രൂപ താല്ക്കാലിക വാടക നിശ്ചയിക്കപ്പെട്ടു. 21/12/2019 വരെയാണ് മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടക കുടിശ്ശികയിൽ 2014ഡിസംബർ മുതൽ 2018 മാർച്ച് 31 വരെ 1,00,000/- രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25) പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറിയ്ക്ക് വാടക നിശ്ചയിക്കുന്നതിന് വേണ്ടി വില്ലേജ് ഓഫീസർ 09/12/2015 - ൽ 379/15 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, കെട്ടിട ഉടമയുടെ സമ്മതപത്രം, കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ19/01/2016എ2.13060/15 നമ്പരായി വില്ലേജ് ഓഫീസർക്ക് പഞ്ചായത്ത് നല്കിയിട്ടുള്ളതാണ്. തുടർന്നും വാടക ലഭിക്കാത്തതിനെ തുടർന്ന് അമ്പലപ്പുഴ തഹസിൽദാർക്കും ബഹു.ജില്ലാ കളക്ടർക്കും 08.09.2017, 23.12.2017 തീയതികളിൽ കത്ത് നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചില്ല. തുടർന്ന് 25.06.2018 - ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്ത് വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ജില്ലാ കളക്ടറെ നേരിൽ കാണുന്നതിനും വിഷയം പരിഹരിക്കുന്നതിനും പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. പി.ഡബ്ല്യൂ.ഡിയുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്ഥിരവാടക നിശ്ചയിച്ച് അപ്രകാരം വാടക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്. നിലവിൽ താൽക്കാലിക വാടകയായ 2500/- രൂപ പ്രകാരം 16-17 ലെ 70,000/- രൂപയും 17-18 ലെ 30,000/-രൂപയും ചേർത്ത് 1,00,000/-രൂപ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഡിമാന്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല. തുക കാലഹരണപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം വാടക കുടിശ്ശിക ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി &ഒ.ലൈസൻസ് എടുക്കാതെയും സമയബന്ധിതമായി പുതുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. പഞ്ചായത്തിലുള്ള പെട്രോൾ പമ്പ്, കള്ള് ഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ഡി&ഒ ലൈസൻസ് എടുക്കാതെയാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം-17) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ വാർഡ് തിരിച്ച് എഴുതിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾ, പണമിടപാട് സ്ഥാപനങ്ങൾ, വസ്ത്രശാലകൾ, ബേക്കറികൾ, പാരാമെഡിക്കൽ, മെഡിക്കൽ ഷോപ്പുകൾ, സ്റ്റേഷനറി കടകൾ, പച്ചക്കറി വ്യാപാരികൾ, ഹാർഡ് വെയർ, സാനിട്ടറി വ്യാപാരികൾ, കള്ളുഷാപ്പ് എന്നിങ്ങനെയുള്ള വ്യാപാരങ്ങളിൽ പലതും കൃത്യമായി ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ലൈസൻസ് ഫീസ് എന്നിവ ക്രോഡീകരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപന ങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതും തനതു വരുമാനയിനങ്ങൾ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി, പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടവും നിർദ്ദേശവുമുണ്ടായിരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് അലംഭാവം കാണിക്കുന്നു

(1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

(2) ധനകാര്യസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 205, 254, 1996 – ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ അനുശാസിക്കും പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ, ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കമ്പനി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ് ചെയ്യുന്നതായോ വ്യക്തി തൊഴിലിലോ, കലയിലോ, ജോലിയിലോ അല്ലെങ്കിൽ നിയമനത്തിലോ ഏർപ്പെട്ടിരിക്കുന്നതായോ കരുതപ്പെടുന്നതും അങ്ങനെയുള്ളവർ തൊഴിൽ നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥൻ/ബാദ്ധ്യസ്ഥ ആയിരിക്കുന്നതാണ്.

എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെപ്പറയുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് തൻവർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എസ്. എൻ. ഫിനാൻസ് | I & II |
| 2 | ഇരുമ്പനം ഫിനാൻസ് | I & II |
| 3 | ഗവ. സർവ്വന്റ്സ് കോഓപ്പറേറ്റീവ് ബാങ്ക് | I & II |
| 4 | കര്യാളശ്ശേരിൽ ഫിനാൻസ് | I & II |
| 5 | മേരിറാണി പോപ്പുലർ ഫിനാൻസ് | II |

മേൽപറഞ്ഞ ധനകാര്യ സ്ഥാപനങ്ങളുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 6 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 24700/-രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ട് വരവു വെക്കേണ്ടതായതിനാൽ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണവും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1995 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരണവും നടപടിക്രമങ്ങളും അധികാരങ്ങളും) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പ്, പ്രവർത്തനം, യോഗ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമാക്കുന്നു. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് രൂപീകരണവും പ്രവർത്തനവും പഞ്ചായത്തിൽ നടക്കുന്നുണ്ട്. മാസത്തിലൊരിക്കൽ നാല് സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം കൂടി പ്രധാന വിഷയങ്ങൾ ചർച്ചകൾ നടത്തുന്നുണ്ട് എന്നത് സ്വീകാര്യമാണ്. എന്നാൽ പല തീരുമാനങ്ങളും ചർച്ചകളിൽ മാത്രം ഒതുങ്ങിപ്പോകുന്നു എന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സിൽ നിന്നും വ്യക്തമാകുന്നു. "സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എടുക്കുന്ന എല്ലാ തീരുമാനങ്ങളും നടപ്പാകാതെ നിൽക്കുകയാണ്, മുൻ തീരുമാനങ്ങളും നടപ്പിലാക്കിയിട്ടില്ല" എന്ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.01.2018 ലെ മിനിട്സിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

വികസനം, ക്ഷേമം, ആരോഗ്യ-വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികളിൽ പൊതുവായി ഉയർന്നുവന്ന ചർച്ചകളാണ് ചെമ്മീൻ ഷെഡുകളിലെ മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ, നിലവിലുള്ള തോടുകൾ പിച്ചിംഗ് കെട്ടി സംരക്ഷിക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുക, എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് സംബന്ധിച്ചവ എന്നിവ. എന്നാൽ ഇവയൊന്നും പ്രാവർത്തികമായില്ല. പഞ്ചായത്ത് തലത്തിൽ പദ്ധതി പൂർത്തിയാക്കാൻ ഫണ്ട് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ സർക്കാരുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കാൻ ശ്രമങ്ങൾ നടത്താവുന്നതാണ്.

പദ്ധതികളുടെ ചെലവ് നടന്നുകഴിഞ്ഞാൽ പദ്ധതി പൂർണ്ണമായി എന്ന സമീപനം ശരിയായ നടപടിയല്ല. പല പദ്ധതികളും നടപ്പാക്കിയെങ്കിലും പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം സർക്കാർ ഫണ്ട് ചെലവഴിക്കൽ പാഴ്ചെലവും കടലാസ് പദ്ധതികളും ആക്കുന്നു എന്ന് വിലയിരുത്തുന്നു. ബന്ധപ്പെട്ട ഖണ്ഡികകളിൽ ഇത് വിശദമായി പരാമർശിച്ചിട്ടുണ്ട്.

2017-18 ൽ മത്സ്യമേഖലയിൽ ഒരു പദ്ധതി മാത്രമാണ് നടപ്പാക്കിയത്. മത്സ്യതൊഴിലാളികൾക്ക് ഡിങ്കിയും വലയും പദ്ധതിക്ക് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിട്ടും പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചു. നെൽവിത്ത് വിതരണത്തിന് കൂടുതൽ തുക വേണമെന്ന് കൃഷി ഓഫീസർ ആവശ്യപ്പെട്ടതിനാൽ ഡിങ്കിയും വലയും പദ്ധതിക്ക് വകയിരുത്തിയ തുക കൂടി കൃഷിക്ക് നല്കാൻ തീരുമാനിച്ചതായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13.11.17 ലെ 5-ാം നം. തീരുമാനത്തിൽ കാണുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച പല പദ്ധതികളുടേയും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. തനത്ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ട് വികസനഫണ്ട് മാത്രം ചെലവഴിച്ച പ്രവൃത്തികളും ഉണ്ട്. പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ആവശ്യമുള്ള തുക വകയിരുത്തി ദീർഘവീക്ഷണമില്ലാതെ പദ്ധതി നടപ്പാക്കുന്നതിനാൽ ചില മേഖലകളിൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതെ വരുന്നതായി വ്യക്തമാണ്. 2017-18 ൽ മത്സ്യ ഗ്രാമസഭ പഞ്ചായത്തിൽ കൂടിയിട്ടില്ല എന്നതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തെ വീഴ്ചയാണ്.

എല്ലാ മേഖലകളിലും വ്യക്തമായ പഠനം നടത്തി താഴെ തട്ടിൽ നിന്നു തന്നെ ഉയർന്നുവരുന്ന പ്രായോഗികമായ നിർദ്ദേശങ്ങളും സമീപനങ്ങളും ഉൾക്കൊണ്ടുകൊണ്ടും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ വിലയിരുത്തലും നടത്തി ഉപകാരപ്രദമായ പദ്ധതികൾ നടപ്പാക്കി വിജയം കൈവരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവ സാന്നിധ്യം ഉണ്ടാകേണ്ടതാണ്.

## 3-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

### 1.പഞ്ചായത്ത് ഓഫീസിനും അനുബന്ധ സ്ഥാപനങ്ങൾക്കും ഫർണീച്ചർ--നികുതി ഇനത്തിൽ അധികം തുക നല്കി

പഞ്ചായത്ത് ഓഫീസിനും അനുബന്ധ സ്ഥാപനങ്ങൾക്കും ഫർണീച്ചർ -S0091/18 പദ്ധതിയിലുൾപ്പെടുത്തി തൻ വർഷം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഒരു Lഷേപ്പ് ടേബിൾ, ഓഫീസ് ടേബിൾ എന്നിവയുടെ ഇൻവോയിസിൽ നികുതി 28% ആയിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ

ഫൈനൽ ബില്ലിൽ 18% നികുതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം നികുതി ഉൾപ്പെടെ ആകെ 1,13,560/- രൂപ നൽകേണ്ടതിന് 1,21,040/- രൂപ സ്ഥാപനത്തിന് നികുതി ഇനത്തിൽ നല്കി. 7480/- രൂപ അധികം നല്കിയത് സംബന്ധിച്ച് എൻക്വയറി നല്കിയതിന് സ്ഥാപനം തുക അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ബിൽ നം.45/18 തീയതി. 22.03.2018 - 104411/- രൂപ

2) ചെക്ക് നം.309809/31.03.2018 – 16629/-രൂപ

<table>
<tr><th>ക്രമ നം.</th><th>ഇനം</th><th>നിരക്ക് (തുക)</th><th></th><th>ഇൻവോയിസ് പ്രകാരം നികുതി</th><th>ബിൽ പ്രകാരം നികുതി</th><th>ആകെ നൽകിയ തുക(ഇൻവോയിസ് പ്രകാരം)</th><th>നൽകേണ്ട തുക (ബിൽ പ്രകാരം)</th><th>അധികം നൽകിയത്</th></tr>
<tr><td>1</td><td>തേക്ക് വുഡ് - L-shape table</td><td>35547</td><td rowspan="4">91678</td><td rowspan="4">24574</td><td rowspan="4">16502</td><td rowspan="4">121040</td><td rowspan="4">113560</td><td rowspan="4">7480</td></tr>
<tr><td>2</td><td>ചെയർ - 4 എണ്ണം</td><td>23212</td></tr>
<tr><td>3</td><td>ഓഫീസ് ടേബിൾ</td><td>10973</td></tr>
<tr><td>4</td><td>ഓഫീസ് ടേബിൾ</td><td>21946</td></tr>
<tr><td></td><td>ലോഡിംഗ് ചാർജ്ജ്</td><td>4560</td><td></td><td>228</td><td>820</td><td></td><td></td><td></td></tr>
</table>

2. യാത്രപ്പടി ഇനത്തിൽ അധികം തുക നൽകി

സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടത്തിയ യാത്രകളിൽ യാത്രാപ്പടി കൈപ്പറ്റിയതിൽ അപാകതകൾ കാണുന്നു, വിശദാംശം ചുവടെ ചേർക്കുന്നു.

1. കണ്ണൂരിൽ 17-02-17 മുതൽ19-02-17 വരെ നടന്ന പഞ്ചായത്ത് ദിനാഘോഷങ്ങളിൽ പങ്കെടുത്തതിന് സെക്രട്ടറിക്ക് രണ്ട് ദിവസത്തെ താമസത്തിന് 800/- (400x2)രൂപ ഡി എ നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ കിലയിൽ 25.01.17 മുതൽ 27.01.17 വരെയുള്ള പ്രൊക്വയർമെന്റ് ട്രെയിനിംഗിന് പങ്കെടുത്തതിന് രണ്ടര ദിവസത്തെ താമസത്തിന് 1000 /-(400x2.5) രൂപയും നൽകിയിട്ടുണ്ട് (വൗച്ചർ നം. 977/17-18/31.03.18)
2. മുഹമ്മദ് ഇക്ബാൽ ജൂനിയർ സൂപ്രണ്ട് തൃശ്ശൂർ കിലയിൽ 7-01-17മുതൽ 8-1-17വരെയുള്ള ട്രെയിനിംഗിന് പങ്കെടുത്തതിന് ഒന്നര ദിവസത്തെ താമസത്തിന് 480/- (320x1.5) രൂപ ഡി എ നൽകിയിട്ടുണ്ട് (വൌച്ചർ നം.1144 /17-18/28-3-18)
3. വി.എം. സജി അസിസ്റ്റന്റ് സെക്രട്ടറി 21-02-17 മുതൽ 24-02-17 വരെ തൃശ്ശൂർ കിലയിൽ പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട ട്രെയിനിംഗിന് പങ്കെടുത്ത യാത്രയ്ക്ക് മൂന്നര ദിവസത്തെ താമസത്തിന് 1120 /- (320x3.5)രൂപ ഡിഎ നൽകിയിട്ടുണ്ട് (വൗച്ചർ നം. 1144 /17-18 /28-3-18)

സൗജന്യ താമസവും ഭക്ഷണവും ഉള്ള യാത്രകൾക്ക് നാലിലൊന്ന് ഡി എ മാത്രമേ അനുവദനീയമായുള്ളു. ഇത് പ്രകാരം സെക്രട്ടറിയുടെ യാത്രയ്ക്ക് 1350/- രൂപയും, ജൂനിയർ സൂപ്രണ്ടിന് 360/-രൂപയും, അസിസ്റ്റന്റ് സെക്രട്ടറിക്ക് 840/- രൂപയും അധികമായി നൽകിയിട്ടുണ്ട് .

മേൽ സൂചിപ്പിച്ച യാത്രകൾക്ക് അധികമായി യാത്രാപ്പടി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. അതിനാൽ അധികമായി നൽകിയ യാത്രാപ്പടി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പേ റിവിഷൻ അരിയർ തുക – സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ജീവനക്കാരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു

പഞ്ചായത്ത് ജീവനക്കാരുടെ 2014 പേ റിവിഷൻ അരിയർ തുകകൾ യഥാക്രമം (വൗച്ചർ നം 53/5.4.7) 267121/-രൂപ, (വൗച്ചർ നം. 499/3.10.17) 217846/- അതാത് ജീവനക്കാരുടെ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. G.O (P) No.45/17/9.4.17, G.O (P) No.128/17/6.10.17 പ്രകാരം അരിയർ തുകയുടെ ഒന്നും, രണ്ടും ഇൻസ്റ്റാൾമെന്റുകൾ അതാത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ആണ് ലയിപ്പിക്കേണ്ടത്. അതിനുപകരം ജീവനക്കാരുടെ അക്കൗണ്ടിൽ ആണ് ഈ തുക നൽകിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | തുക | |
|---|---|---|---|---|
| | | | First installment | Second installment |
| 1 | പ്രവീണ.ആർ | സീനിയർ ക്ലർക്ക് | 12271 | 10007 |
| 2 | മുകേഷ്.എസ് | ക്ലർക്ക് | 23263 | 18972 |
| 3 | വിനോദ്.കെ.എസ് | ക്ലർക്ക് | 19087 | 15566 |
| 4 | ജയലക്ഷ്മി.ടി.പി | ക്ലർക്ക് | 15915 | 12980 |
| 5 | സ്മിതാ.കെ.ആർ | ക്ലർക്ക് | 15628 | 12746 |
| 6 | രാജേഷ്.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 35745 | 29151 |
| 7 | കല.പി | സീനിയർ ക്ലർക്ക് | 18959 | - |
| 8 | കുഞ്ഞുമോൻ.എ | അക്കൗണ്ടന്റ് | 29593 | 24134 |
| 9 | ലേഖാ.വി.പി | ആയ | 8137 | 6636 |

| | | | | |
|---|---|---|---|---|
| 10 | വിശ്വവമ്മ.കെ | ആയ | 8964 | 7310 |
| 11 | വി.എം.സജി | അസിസ്റ്റന്റ് സെക്രട്ടറി | 36101 | 29441 |
| 12 | ശ്രീലേഖ.സി | - | 19430 | - |
| 13 | രേഖ.സി.എം | - | 15064 | - |
| 14 | അനീഷാ ബീഗം | - | - | 8842 |
| 15 | തങ്കമ്മ.കെ | - | 8964 | - |
| | ആകെ | - | 267121 | - |

ഗവ. ഉത്തരവുകൾ പാലിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം സംബന്ധിച്ച് തുക തിരികെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

1. ഡെപ്പോസിറ്റ് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവഹണം--സെക്രട്ടറി

2017-18 ൽ വിവിധ പ്രവൃത്തികൾക്ക് KSEB, വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് നല്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി ഒന്നും പൂർത്തീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുക നല്കി കഴിഞ്ഞാൽ ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ ഘട്ടങ്ങൾ പരിശോധിക്കുകയോ നിലവിലെ സ്ഥിതിയോ പൂർത്തീകരണമോ ചർച്ച ചെയ്യുകയോ വിലയിരുത്തുകയോ ചെയ്യുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. പദ്ധതി ഏതു ഘട്ടത്തിലായി എന്ന് മറുപടി നല്കാൻ സെക്രട്ടറിക്ക് സാധിച്ചില്ല. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ഡെപ്പോസിറ്റ് തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 1. | വൈദ്യുത ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ-S0104/18<br>KSEB പുന്നപ്ര & അമ്പലപ്പുഴ | 561955 | 2/18 dt. 27.7.17 | 16-17-ൽ 476530/-ഉൾപ്പെടെ 22,47,700/-<br>വിനിയോഗവിവരം ഇല്ല. എഗ്രിമെന്റ് ഫയലിൽ ഇല്ല. |
| 2. | നടപ്പാതകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-S0024/18<br>KSEB അമ്പലപ്പുഴ | 3,44,430/- | 10/18 dt.13.10.17-19044/-<br>34/18 dt.11.01.18-180956/-<br>38/18dt.30.01.18-144430/- | വിനിയോഗ വിവരം ഇല്ല |
| 3. | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ<br>KSEB പുന്നപ്ര & അമ്പലപ്പുഴ | 16,60,047/- | 19/18 dt.25.11.17—64155/-<br>20/18 dt.26.11.17—687929/-<br>28/18 dt.11.01.18—33654/-<br>29/18 dt.11.01.18—214262/-<br>40/18 dt.30.01.18—660047/- | |
| 4. | സ്കൂൾകുട്ടികൾക്ക് ആർ.ഒ.പ്ലാന്റ് സ്ഥാപിക്കൽ--SDV GUPS. -വാട്ടർ അതോറിറ്റി | 8,60,000/- | 24/18 dt.06.01.18—272266/-<br>25/18 dt.06.01.18<br>587734/- | ആർ.ഒ.പ്ലാന്റ് സ്ഥാപിച്ചിട്ടില്ല |

34,26,432/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ ഉപകരണം വാങ്ങൽ--ടച്ച് സ്ക്രീൻ നോക്കുകുത്തിയായി ഫ്രണ്ട് ഓഫീസിൽ

ടച്ച് സ്ക്രീൻ, കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങൽ – S0092/18 എന്ന പദ്ധതിയിൽ 1,00,800/- രൂപ ചെലവഴിച്ച് ആർ.ജെ.എന്റർപ്രൈസസിൽ നിന്നും വാങ്ങിയ ടച്ച് സ്ക്രീൻ ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. ഇൻസ്റ്റാൾ ചെയ്യാതെ സ്ഥാപനത്തിന് തുക പൂർണ്ണമായും നല്കിയതിന് വിശദീകരണം നല്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് സ്ഥാപനത്തിന്റെ ഭാഗത്തെ വീഴ്ചയല്ല, ഐ.കെ.എം സൂചിക സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാത്തതിനാലും കണക്ഷൻ നല്കുന്നതിനുള്ള പോയിന്റും വയറിംഗും ചെയ്യാത്തതിനാലും ആണ് പ്രവർത്തിപ്പിക്കാതെ വച്ചിരിക്കുന്നതെന്ന് മറുപടി നല്കി. എന്നാൽ ഇത് സംബന്ധിച്ച് ഐ.കെ.എം നോട് ആവശ്യപ്പെട്ടതായി കാണുന്നില്ല. ഉപകരണം ലഭ്യമാക്കി 6 മാസം കഴിഞ്ഞിട്ടും മേൽ പരാമർശിച്ച അപാകതകളാൽ ഉപകരണം പ്രവർത്തന സജ്ജമായില്ല എന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഒരിക്കൽ പോലും അജണ്ടയാക്കി ചർച്ച ചെയ്തതായും കാണുന്നില്ല. ചെലവ് നടത്തിക്കഴിഞ്ഞാൽ പദ്ധതികളുടെ ഘട്ടങ്ങൾ, പൂർത്തീകരണം മോണിറ്ററിംഗ് എന്നിവ വിലയിരുത്തപ്പെടുന്നില്ല. വാങ്ങൽ നടത്തുന്നതിന് മുൻപ് ചെയ്യേണ്ട അടിസ്ഥാന കാര്യങ്ങൾ നിർവഹിക്കാത്തതിനാൽ ലക്ഷങ്ങൾ മുടക്കി വാങ്ങിയ ടച്ച് സ്ക്രീൻ ഉപയോഗരഹിതമായി ഇരിക്കുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്താത്തതിനാൽ ഇതിനായി ചെലവഴിച്ച 1,00,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിൽ നം.22/17-18 തീയതി.06.01.2018 – 1,75,000/-

3. <u>കന്നുകുട്ടി പരിപാലനം പദ്ധതി ആരംഭിച്ചിട്ടില്ല</u>

പ്രോജക്റ്റ് നം . S0047/18

ബിൽ നം - 10/17-18/19.3.18, 312500 /-

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ 25 ഗുണഭോക്താക്കൾക്കായി 12500/- രൂപ വീതം ആകെ 312500/- രൂപ പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള കാലിതീറ്റ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പദ്ധതി പിന്നീട് ആരംഭിക്കുന്നതായിരിക്കുമെന്ന മറുപടിയാണ് ഹാജരാക്കിയത്. അതിനാൽ പദ്ധതിക്കായി ചെലവഴിച്ച 312500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതും നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

4. <u>റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

5. മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (കരാറുകാരന്റെ പേരും, തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്).

(2) കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിന്റെ (ഫയലിൽ സൂക്ഷിച്ചിട്ടുള്ള) പകർപ്പുകളിൽ എല്ലാം തന്നെ തീയതി തിരുത്തിയിട്ടുള്ളതായി കാണുന്നു. തന്മൂലം കരാർ ചമയ്ക്കുന്നതിലെ സമയ ക്ലിപ്തത പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5)മോണിറ്ററിംഗ് റിപ്പോർട്ടുകൾ കടലാസുകളിൽ മാത്രം ഒതുങ്ങുന്നു. പ്രിന്റഡ് ഫോറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ പ്രവൃത്തിയുടെ പേര് മാത്രമാണ് ചേർക്കുന്നത്. പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തികൾക്കുപോലും തൃപ്തികരമായി പൂർത്തിയാക്കിയതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടുണ്ട് (ഉദാഹരണം- മെഡിക്കൽ കോളേജ് ആശുപത്രിയിൽ പൊതുശൗചാലയം. പ്രോജക്ട് നം. 168/18).

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

കരാറുകാരൻ - ജോസഫ്.ടി.ആർ

ചെക്ക് നം. 309802/28.03.18

അളവ് പുസ്തകം - 60/17-18

പ്രവൃത്തി മൂല്യം - 894948/-

2017-18 വർഷത്തിൽ ശുചിത്വ മിഷൻ ഫണ്ടുപയോഗിച്ച് മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിൽ മാർച്ച് 2018ൽ നിർമ്മാണം പൂർത്തീകരിച്ച എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നാളിതുവരെയായും പ്രവർത്തിപ്പിച്ചിട്ടില്ല. അളവ് പുസ്തകം പ്രകാരം യൂണിറ്റിന് നെയിംബോർഡ് സ്ഥാപിച്ചതായി രേഖപ്പെടുത്തി 3000/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ഇത്തരത്തിലൊരു പ്രവൃത്തി നടത്തിയിട്ടില്ലാത്തതായി കണ്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ബോർഡിൽ ചില തെറ്റുകൾ വന്നിട്ടുള്ളതിനാൽ മാറ്റിയതാണെന്നും ആയത് തിരികെ വെയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബോർഡ് സ്ഥാപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 3000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മാർച്ച് മാസം നിർമ്മാണം പൂർത്തീകരിച്ച എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/19.07.18) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്നറിയിച്ചിട്ടുണ്ട്. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് എത്രയും വേഗം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ

നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

7. മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

(i) മെഡിക്കൽ കോളേജ് ആശുപത്രിയിൽ പൊതുശൗചാലയം കോംപ്ലക്സ് (പ്രോജക്ട് നം. 168/18)

കരാറുകാരൻ - ഗ്രിഗറി.സി

ബിൽ നം. 67/17-18/31.3.18 – 364563/-

അളവ് പുസ്തകം - 67/17-18

പ്രവൃത്തി മൂല്യം - 364563/-

14 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയിട്ടുള്ള ടി പദ്ധതിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള തുകയിൽ നിന്നും റിട്ടെൻഷൻ തുക കുറവ് ചെയ്തിട്ടില്ല. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറിലെ ക്രമ നം. 12 പ്രകാരമുള്ള വ്യവസ്ഥയായി പാർട്ടു ബില്ലിൽ നിന്നും 10% തുക റിട്ടെൻഷനായി കുറവ് ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കരാർ വ്യവസ്ഥ പാലിക്കാതെയാണ് പാർട്ട് ബിൽ നൽകിയിരിക്കുന്നത്. നിയമ പ്രകാരമുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

പാർട്ട് ബിൽ നൽകിയപ്പോൾ തന്നെ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതികൾ ഭൗതികമായി പരിശോധിക്കാതെയുള്ള സാക്ഷ്യപത്രങ്ങൾ മാത്രമാണ് മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നു വ്യക്തമാകുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നതിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ii)പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം.( 75/18)

കരാറുകാരൻ - മുഹമ്മദ് ഹസൻ

ബിൽ നം. 73/17-18/31.3.18 – 1779437/-

അളവ് പുസ്തകം - 68/17-18

പ്രവൃത്തി മൂല്യം - 1779437/-

പഞ്ചായത്ത് ഓഫീസിന്റെ ഒന്നാം നിലയിൽ നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗവുമായി ചേരുന്ന പുതിയ നിർമ്മിതിയുടെ റൂഫ് കോൺക്രീറ്റിംഗ് ഭാഗം പൂർണ്ണമായും ചോർന്ന് മഴവെള്ളം പൂർണ്ണമായും പുതുതായി നിർമ്മിച്ചിട്ടുള്ള മുറിയിലാണ് വീഴുന്നത്. തന്മൂലം ടി മുറി നിലവിൽ ഉപയോഗശൂന്യമായ നിലയിലാണ്. നിർമ്മാണത്തിലുണ്ടായിട്ടുള്ള ടി അപാകത സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി ചർച്ച ചെയ്ത് നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള തുകയിൽ നിന്നും റിട്ടെൻഷൻ തുക കുറവ് ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 44000/- രൂപ 19.04.2018 ൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

8. വെള്ളക്കരം- ബാധ്യത ഒഴിവാക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കുന്നില്ല

പഞ്ചായത്തിന് ലഭിക്കുന്ന സർക്കാർ ഫണ്ടിന്റെ ഏറിയ ഭാഗവും പ്രതിവർഷം വാട്ടർ ചാർജ്ജ് കുടിശ്ശിക അടവാക്കാൻ വിനിയോഗിക്കുകയാണ്. എന്നാൽ ഓരോ വർഷവും ഫൈൻ ഇനത്തിലും വൻതുക ചെലവഴിക്കേണ്ടതായി വരുന്നു. തൻവർഷം വെള്ളക്കരം കുടിശ്ശിക –S0025/18 പദ്ധതിയിൽ 13,07,000/- രൂപ ബിൽ നം. 11/18 dt.13.10.17 പ്രകാരം വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. നിലവിൽ 721 ടാപ്പുകളുടെ ചാർജാണ് അടവാക്കുന്നത്. ഫൈൻ ഇനത്തിൽ വൻതുകയാണ് വാട്ടർഅതോറിറ്റിക്ക് പഞ്ചായത്ത് നല്കി വരുന്നത്. 2015 ൽ 85 ടാപ്പുകൾ ഉപയോഗക്ഷമമല്ലാത്തതിനാൽ കട്ട് ചെയ്യുന്നതിനായി 70,000/-രൂപ വാട്ടർ അതോറിറ്റിക്ക് നല്കിയിരുന്നു. എന്നാൽ പ്രവൃത്തി ചെയ്തതും ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയതും 2017 ജൂലൈ മുതലാണ്. 85 ടാപ്പുകളുടെ ചാർജ് രണ്ടുവർഷത്തോളം അധികം നല്കിയത് ക്രമീകരിച്ചിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നു. ഇതു സംബന്ധിച്ച് വികസനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നെങ്കിലും കട്ട് ചെയ്ത ടാപ്പുകളുടെ തുക ക്രമീകരിക്കുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ഒരു വ്യവസ്ഥയിൽ എത്താൻ മുൻകൈ എടുക്കുകയോ പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തെ അലംഭാവം ഒഴിവാക്കി പഞ്ചായത്തിന്റെ ബാധ്യത തീർക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമായി കൈക്കൊള്ളേണ്ടതാണ്.

9. തെരുവ് വിളക്ക്--കൃത്യമായ കണക്കില്ലാതെ തുക ചെലവഴിക്കുന്നു

തെരുവ് വിളക്ക് ഉപകരണം വാങ്ങൽ--(S0021/18) പദ്ധതിയിൽ 10,00,000/-രൂപ വികസന ഫണ്ടും 8000/- രൂപ തനത് ഫണ്ടും ചെലവഴിച്ച് ക്ലസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതിയിൽ നിന്നും ആകെ 360 LED (18w-216, 24w-144) ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചു തരുന്നതിന് തുക നല്കിയിട്ടുണ്ട്. സ്റ്റോക്ക് വിതരണ രജിസ്റ്റർ പ്രകാരം 20 എണ്ണം വീതം 18 വാർഡിലെയും മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ട്. ഇവ സ്ഥാപിച്ചതു സംബന്ധിച്ച് മെമ്പർമാർ സാക്ഷ്യപത്രം നല്കിയിട്ടില്ല. 2016-17-ൽ 310 LED ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലും ആകെയുള്ള പോസ്റ്റുകൾ, സ്ഥാപിക്കേണ്ട ലൈറ്റുകൾ, ലൈൻ എക്സ്റ്റൻഷൻ വരുത്തുന്നതിനനുസരിച്ചുള്ള വർദ്ധനവ് ഇത്യാദി വിവരങ്ങൾ അടങ്ങുന്ന കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച കണക്കാകട്ടെ 2016 -ലെ പ്രകാരമുള്ളതാണ്. 16-17ൽ 310 LED ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചിട്ടും നിരക്കിൽ കുറവ് വന്നിട്ടില്ല. 1/18 - മുതൽ മീറ്ററിംഗ് സമ്പ്രദായത്തിൽ ആയതിനു ശേഷം നിരക്കിൽ ആനുപാതിക കുറവ് വന്നതായി കാണാം. 16-17 ലും 17-18 ലും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ചോ നിരക്ക് കുറവ് വരുത്തുന്നത് സംബന്ധിച്ചോ കെ.എസ്.ഇ.ബി യുമായി നടപടി സ്വീകരിച്ചതായി കാണുന്നില്ല. നിലവിലെ കൃത്യമായ കണക്ക് കെ.എസ്.ഇ.ബി യിൽ നിന്നും വാങ്ങി നൽകേണ്ടതാണ്. തെരുവ് വിളക്കുകൾ എല്ലാം നിലവിൽ മീറ്ററിംഗ് സമ്പ്രദായത്തിൽ ആയിട്ടുണ്ടോ എന്നുള്ളതിലും തദ്ദേശ സ്ഥാപനത്തിന് വ്യക്തതയില്ല. തുടർ നടപടി സ്വീകരിച്ച് വൈദ്യുത ചാർജ് ഇനത്തിൽ നല്കുന്ന തുകയ്ക്ക് കൃത്യത വരുത്തേണ്ടതാണ്.

10. സോളാർ പാനൽ - പൂർണ്ണമായും ഉപകാരപ്രദമാക്കി ഭൗതിക ലക്ഷ്യം കൈവരിക്കേണ്ടതാണ്

പഞ്ചായത്ത് ഓഫീസിൽ 10 KWP ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുന്നതിന് 16-17വർഷം കെൽട്രോണിന് 9,50,000/- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ മുകളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്നും ഓരോ മാസവും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ പഞ്ചായത്തിന്റെ ഉപയോഗത്തിന് ശേഷം മിച്ചമുള്ള വൈദ്യുതി KSEB യുടെ ഗ്രിഡിലേക്ക് നെറ്റ് മീറ്റർ മുഖേന നൽകാവുന്നതാണ്. 08.08.17 - ൽ കെൽട്രോൺ പവർ പാനൽ സ്ഥാപിച്ചെങ്കിലും 01.03.18 ൽ ആണ് KSEB സ്കീം അപ്രൂവൽ ചെയ്ത് കരാർ വെയ്ക്കുന്നത്. ഏപ്രിൽ മുതൽ ലഭിക്കുന്ന കറന്റ് ബില്ല് പ്രകാരം ഓരോ മാസവും ശരാശരി 907 യൂണിറ്റ് കറന്റ് പാനലിൽ നിന്നും ലഭിക്കുന്നുണ്ട്. പഞ്ചായത്തിന് മാസം ശരാശരി 225/ യൂണിറ്റ് വൈദ്യുതിയുടെ ഉപയോഗമുണ്ട്, മിച്ചമുള്ളത് KSEB യ്ക്ക് നൽകി വരുന്നു. എന്നാൽ KSEB യുടെ ലൈൻ ഡിസ്കണക്ട് ആകുമ്പോൾ പഞ്ചായത്ത് ഓഫീസിലും കറന്റ് ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്, ലക്ഷങ്ങൾ മുതൽ മുടക്കി സോളാർ പാനൽ സ്ഥാപിച്ചെങ്കിലും കറന്റ് പോകുമ്പോൾ പഴയ അവസ്ഥയ്ക്ക് മാറ്റമില്ല. ഉപയോഗത്തിന് ശേഷം മിച്ചമുള്ള കറന്റ് സംഭരിക്കുന്നതിനുള്ള സ്റ്റോറേജ് ബാറ്ററി സ്ഥാപിക്കുന്നതിലൂടെ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാവുന്നതാണ്. കൂടാതെ ഓരോ മാസവും മിച്ചമുള്ള വൈദ്യുതിക്ക് KSEB നൽകി വരുന്ന തുക പഞ്ചായത്ത് അക്കൌണ്ടിൽ മുതല് കൂട്ടുകയോ, തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ ക്രമപ്പെടുത്തുകയോ ചെയ്യാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഈ വിഷയങ്ങളിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

11.കാർഷിക രംഗം- പ്രകൃതിയുടെ വിഭവസമ്പത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ കൃഷിഭൂമി സംബന്ധമായ അടിസ്ഥാന വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടി അനുസരിച്ച് ആകെ 998 Hr കൃഷി ഭൂമിയുള്ളതിൽ 97.2 Hr തരിശു ഭൂമി ആണ്. ഇതിൽ 4.24 Hr തൻവർഷം കൃഷി ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായ വിവരത്തിന് ആധികാരിക രേഖ എന്ന നിലയിൽ ആസ്തി രജിസ്റ്റർ, അടിസ്ഥാന വിവര രജിസ്റ്റർ എന്നിവ നിലവിലില്ലാത്തതോ കാലികമാക്കാത്തതോ കാരണം കൃത്യമായ ഒരു വിവരം ഉറപ്പ് വരുത്താൻ പറ്റാത്ത സാഹചര്യമാണ്. പഞ്ചായത്തിന്റെ വികസനരേഖ, പദ്ധതിരേഖ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് ലഭിച്ചത്. 16 പാടശേഖരങ്ങൾ ഉള്ളതിൽ 15 എണ്ണവും തൻവർഷം കൃഷി ചെയ്തതായും 5.2 Hr ഉള്ള ഒരു പാടശേഖരം തരിശ് കിടന്നതായും വ്യക്തമായി. മുൻവർഷങ്ങളിലും നിലവിലും തരിശു ഭൂമി കൃഷിയോഗ്യമാക്കാനും കൃഷി ചെയ്യുന്നതിനും പദ്ധതികൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ല എന്ന് കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷിക്ക് ആശ്രയിക്കുന്ന ജലസ്രോതസ്സുകളുടെ എണ്ണം, വിസ്തൃതി, ജലസ്രോതസ്സുകൾ പരിപാലിക്കുന്നതിനും പുതിയ ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്നിവ നല്കാൻ ആവശ്യപ്പെട്ടെങ്കിലും പരിമിതമായ വിവരങ്ങൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും ലഭിച്ചത്. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ പ്രകാരം 3 നീർത്തടങ്ങളാണുള്ളത് എന്ന് കൃഷി ഓഫീസർ അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാച്ചാലുകളുടെ ആഴം കൂട്ടുന്ന ഏതാനും പ്രവൃത്തികൾ

നടപ്പാക്കിയതൊഴിച്ചാൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ നല്കി കാര്യമായ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ജലസേചന പദ്ധതികൾ നടപ്പാക്കാൻ കമ്മിറ്റിയിൽ ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പ്രാവർത്തികമാകുന്നില്ല എന്ന് വ്യക്തമാകുന്നു. കൃഷിയോഗ്യമായ ഭൂമി തരിശായി ഇടുന്നതുമൂലം മണ്ണിന്റെ നൈസർഗ്ഗികത നഷ്ടപ്പെട്ട് അമ്ലാംശം കൂടുകയും പിന്നീട് കൃഷിക്ക് ഉപയുക്തമാക്കാനാവാതെ വരികയും ചെയ്യുന്നു.

പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി, തരിശു ഭൂമി എന്നിവിടങ്ങൾ കൃഷിയോഗ്യമാക്കാനും പാഴ്ഭൂമിയിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കാനും കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും ഉള്ള പ്രവർത്തനങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടതാണ്.

## 3-4 ആരോഗ്യം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

1. ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും--സ്വകാര്യ വ്യക്തികളുടെ നേട്ടത്തിനായി തദ്ദേശ സ്ഥാപനം ലക്ഷങ്ങൾ മുടക്കി ബാധ്യതയിൽപ്പെടുന്നു

ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും -S0085/18 പദ്ധതിയിൽ വികസന ഫണ്ട് 8,35,141/- രൂപയും തനത് ഫണ്ട് 17366/- രൂപയും ചേർത്ത് ആകെ 8,52,507/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാലിന്യശേഖരണത്തിന് നിയോഗിച്ചിരിക്കുന്ന 10 കുടുംബശ്രീ വനിതകൾക്ക് പ്രതിമാസം വേതനമിനത്തിൽ 6500/- രൂപ വീതവും മാലിന്യ നിരമ്മാർജ്ജനത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധനച്ചെലവും അറ്റകുറ്റപ്പണികൾക്കുമാണ് ഇത് ചെലവഴിച്ചിരിക്കുന്നത്. 14-15,15-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം സംബന്ധിച്ച് അപാകതകളും പരിഹാരങ്ങളും വിശദമായി പരാമർശിച്ചിരുന്നു.

(i) പദ്ധതി പരാജയം

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കടകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ 7-ാം വാർഡിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് 13-14 ൽ നിർമ്മിച്ച 4 എയ്റോബിക് കംപോസ്റ്റ് യൂണിറ്റിൽ 3എണ്ണത്തിലായി നിക്ഷേപിച്ച് വളമാക്കി സ്ഥലം ഉടമകൾക്ക് തന്നെ കൈമാറി വരികയാണ് ചെയ്തു വന്നിരുന്നത്. ഒരു യൂണിറ്റിൽ ആദ്യം മുതൽ തന്നെ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് മാലിന്യം നിക്ഷേപിക്കുന്നില്ലായിരുന്നു. നിലവിൽ ആറ് മാസമായി ഇവിടെ ഒരു യൂണിറ്റിലും മാലിന്യം നിക്ഷേപിക്കാൻ സ്ഥലമുടമകൾ സമ്മതിക്കുന്നില്ലെന്ന് കുടുംബശ്രീ വനിതകൾ രേഖാമൂലം ഓഡിറ്റ് ടീമിനെ അറിയിച്ചു. എന്നാൽ ഇത് ബന്ധപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയെ രേഖാമൂലം അറിയിക്കുകയോ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉറപ്പ് വരുത്തേണ്ട കരാർ വ്യവസ്ഥകളുടെ അഭാവവും പാളിച്ചയും പദ്ധതി പരാജയപ്പെടുന്നതിന് കാരണമാകുന്നു.

(ii)ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പാളിച്ചകൾ

സ്ഥലം ഉടമകളുമായി വ്യക്തമായ കരാറിൽ ഏർപ്പെടാതെ ഈ പദ്ധതി ആരംഭിച്ചതിലെ അപാകത ഓരോ വർഷവും ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടും യാതൊരു നടപടിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിച്ചില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചർച്ചയിൽ ഈ വിഷയം അജണ്ട ആകുന്നുണ്ടെങ്കിലും തീരുമാനങ്ങൾ പ്രാവർത്തികമാകുന്നില്ല. കടയുടമകളിൽ നിന്നും ഫീ ഈടാക്കുക, ബൈലോ തയ്യാറാക്കുക എന്നീ തീരുമാനങ്ങൾ കമ്മിറ്റിയുടെ മിനിട്സിൽ മാത്രം ഒതുങ്ങി. ഉറവിടമാലിന്യ സംസ്കരണം ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ വ്യാപാരസ്ഥാപനത്തിന് ലൈസൻസ് അനുവദിക്കാവൂ എന്ന് കമ്മിറ്റി കർക്കശമായ തീരുമാനം എടുത്തിട്ടുണ്ട്. കടകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും സംസ്കരിക്കുകയും ചെയ്യേണ്ടത് ഓരോ കടയുടമയുടേയും ഉത്തരവാദിത്തമാണ് എന്നിരിക്കെ തദ്ദേശ സ്ഥാപനം ഇതിനായി തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. നിലവിൽ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പുതുതായി സ്ഥാപിച്ച കംപോസ്റ്റ് യൂണിറ്റിലാണ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്. ഇതിൽ നിന്നും ഉല്പാദിപ്പിക്കുന്ന വളം ചാക്കിൽ കെട്ടി നിറച്ചുവയ്ക്കുന്നു എങ്കിലും സൂക്ഷിക്കാൻ ഇടമില്ലാതെ ഉപയോഗ ശൂന്യമാകുകയാണ്. ഈ വളത്തിന്റെ വില്പന, വിതരണം എന്നിവ സംബന്ധിച്ച ഒരു നടപടിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വളം ഉപയോഗശൂന്യമാകുമ്പോൾ കൃഷി ഭവൻ മുഖേന നടപ്പാക്കുന്ന ജൈവപച്ചക്കറി, ഗ്രോബാഗ്, തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യുന്ന നഴ്സറി എന്നിങ്ങനെ വിവിധ പദ്ധതികൾക്ക് മറ്റ് ഏജൻസികളിൽ നിന്നും വളം വിലകൊടുത്ത് വാങ്ങുന്ന വിരോധാഭാസവും ഇവിടെ കാണുന്നു.

(iii)ദീർഘവീക്ഷണമില്ലാതെ പദ്ധതി ധനം പാഴാക്കി

വ്യക്തമായ പഠനം നടത്താതെ പദ്ധതി ഏറ്റെടുത്തതിനാലും യഥാസമയം ഉചിത നടപടികൾ സ്വീകരിക്കാഞ്ഞതും

ദീർഘവീക്ഷണമില്ലാത്ത നിലപാടുകളും മൂലം ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച എയ്റോബിക് കംപോസ്റ്റ് യൂണിറ്റ് സ്വകാര്യ വ്യക്തികളുടേതായി എന്നു മാത്രമല്ല കടയുടമകളുടെ മാലിന്യനിർമാർജ്ജനത്തിന് സർക്കാർഫണ്ട് പാഴാകുന്ന വിചിത്ര രീതിയുമാണ് പഞ്ചായത്ത് കൈക്കൊണ്ടത്. വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടിന്റെ നല്ലൊരു ഭാഗവും ഇപ്രകാരം ചെലവഴിച്ച് തദ്ദേശ സ്ഥാപനത്തിന് പ്രയോജനപ്രദമോ ജനങ്ങൾക്ക് സേവനപ്രദമോ അല്ലാതെ സാമ്പത്തിക ബാധ്യത യിൽപ്പെടുന്നു.

മുൻ വർഷങ്ങളിൽ മുടക്കിയ പദ്ധതി ധനം പാഴാകാതിരിക്കാനും സ്വകാര്യവ്യക്തികളുടെ നേട്ടത്തിന് സർക്കാർഫണ്ട് ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിച്ച് പദ്ധതി ധനം ഉപയോഗക്ഷമമായ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാനും ഭരണസമിതി ജാഗ്രത കാണിക്കേണ്ടതാണ്.

2. ഹെൽത്ത് വോളണ്ടിയർ സേനയ്ക്ക് യൂണിഫോം--സബ്സിഡി മാർഗ്ഗരേഖാ വിരുദ്ധം

ഹെൽത്ത് വോളണ്ടിയർ സേനയ്ക്ക് യൂണിഫോം --S005/18 പദ്ധതിയിൽ 300 ഓവർ കോട്ട് @ 325/- രൂപ പ്രകാരം വാങ്ങിയതിന് വികസനഫണ്ട് 80,000 രൂപയും (ബിൽ നം. 6/18 dt.31.03.18) തനത്ഫണ്ട് 17,500/- രൂപ 2018-19 ലും പണിക്കശ്ശേരി ഏജൻസീസ് തൃശ്ശൂർ - ന് നല്കിയിട്ടുണ്ട്. ഓരോ വാർഡിലും രൂപീകരിച്ചിരിക്കുന്ന വോളണ്ടിയർമാർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കോട്ട് പൂർണ്ണമായും ലഭിക്കാത്തതിനാൽ വിതരണം ചെയ്തിട്ടില്ല എന്നും ബാക്കി കോട്ട് ഉടനെ ലഭ്യമാക്കി വിതരണം നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആരോഗ്യസേന രൂപീകരിച്ച് പ്രവർത്തനം നടപ്പാക്കണമെന്ന് ഉത്തരവ് ഉണ്ടെങ്കിലും ഇപ്രകാരം യൂണിഫോം വിതരണം സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. ഈ പദ്ധതിക്ക് വികസനഫണ്ട് ചെലവഴിക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ 80,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നം-S0010/18) നടപ്പിലാക്കാൻ 5,00,000/-രൂപ ഔഷധിക്ക് നൽകിയെങ്കിലും 470069/-രൂപയുടെ മരുന്നുകൾ മാത്രമേ ഔഷധിയിൽ നിന്ന് ലഭിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുള്ളൂ. ബാക്കി 29,931/-രൂപക്കുള്ള മരുന്നുകൾ ലഭിക്കുവാനുണ്ട്. മരുന്നുകൾ ലഭിക്കുന്നതിന് ടെലിഫോൺ മുഖാന്തിരവും രേഖാമൂലവും ഔഷധിയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ മരുന്ന് ലഭ്യമാകുമെന്നുമാണ് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറി (നം-15) ക്ക് മറുപടി നൽകിയിട്ടുള്ളത്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 29,931/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധന യ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മരുന്നുകൾ യഥാസമയം ലഭ്യമാകാതിരുന്നിട്ടും ഇതുമായി ബന്ധപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മരുന്ന് ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ പ്രവണതയല്ല. പദ്ധതി പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവ ശ്രദ്ധയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

4. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്തിലെ പി.എച്ച്.സി.യുമായി സംയോജിച്ച് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനം കൃത്യവും സുതാര്യവുമായി നടപ്പാകണമെങ്കിൽ അതിനായി രൂപീകരിച്ച പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാകണം. അതിനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 3 മാസത്തിലൊരിക്കൽ കൂടി പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കണമെന്ന് പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു. എന്നാൽ 17-18 ൽ പി.എം.സി കൂടിയത് ഒറ്റതവണ മാത്രമാണ് (24.03.18). ബന്ധപ്പെട്ട ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ ഈ വിഷയം വരികയോ ഉചിത നിർദ്ദേശമോ നടപടിയോ ഉണ്ടായിട്ടില്ല എന്ന് കാണുന്നു. ഈ അപാകത ഒഴിവാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

5. പി.എച്ച്.സി ആംബുലൻസ്--ലോഗ്ബുക്കിലെ അപാകതകൾ

2015-16 ൽ പഞ്ചായത്ത് വാങ്ങിയ ആംബുലൻസ് 16-17 സാമ്പത്തിക വർഷാവസാനം മെഡിക്കൽ ഓഫീസർ പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത് 4/17മുതൽ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഓടുന്നുണ്ടെങ്കിലും 7/17 മുതൽ മാത്രമാണ് ലോഗ് ബുക്ക് എഴുതിയിരിക്കുന്നത്. 3 മാസം വാഹനം ഓടിയതിന്റെ ഒരു വിവരവും ആധികാരിക രേഖയായ ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിന് കസ്റ്റോഡിയൻ ഓഫീസർ പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ഭരണസമിതിയെ അറിയിക്കുകയോ ചെയ്തിട്ടില്ല. തുടർന്നും വാഹനം ഉപയോഗിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. യാത്ര ആരംഭിക്കുന്ന സ്ഥലം, ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം, മാസാന്ത്യ ക്ലോസിംഗ് എന്നീ സുപ്രധാന വിവരങ്ങൾ ലോഗ് ബുക്കിൽ ഉൾപ്പെടുത്തുന്നില്ല. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് അപാകത ഒഴിവാക്കേണ്ടതാണ്.

## 3-5 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ചെലവ് നിരീക്ഷണങ്ങൾ

1. അങ്കണവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല

ഗ്രാമ പഞ്ചായത്തിൽ ആകെ 27 അങ്കണവാടികളാണ് നിലവിലുള്ളത്. ഇതിൽ 15 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ളവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 20 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമുള്ളതായി അറിയിച്ചിട്ടുണ്ട്. രണ്ട് അങ്കണവാടികൾക്ക് നിലവിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. എല്ലാ അങ്കണവാടികളിലും കുടിവെള്ള സൗകര്യം പൂർണ്ണമായും ലഭിച്ചിട്ടില്ല. കെട്ടിടമുള്ള അങ്കണവാടികളിൽ കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. 2017-18 വർഷത്തിൽ അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത കെട്ടിടത്തിൽ അങ്കണ വാടികൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടലുകൾ നടത്തുന്നില്ല. ടി വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം രജിസ്റ്റർ ചെയ്ത 141 കുടുംബങ്ങളുൾപ്പെടെ ആകെ 3425 കുടുംബങ്ങളാണ് ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ തൊഴിലിനപേക്ഷ നൽകിയ 1834 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ നൽകിയിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

I) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 141 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3425 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1834 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1834 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 114090 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 340 |

II) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 436 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 367 |
| തൻവർഷം പൂർത്തിയാക്കിയത് | 305 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | Nil |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | - |

III) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദവിവരം

| ക്രമ നം. | ഇന വിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | - | - |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 20 | 6578659 |
| 3 | ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം | 15 | 4449079 |
| 4 | ജലസംരക്ഷണം | 38 | 283252 |
| 5 | ഐ.എച്ച്.എച്ച്.എൽ | 71 | 797995 |
| 6 | റോഡ് നിർമ്മാണം (കോൺക്രീറ്റ്) | 22 | 7121282 |
| 7 | ഭവന നിർമ്മാണം (PMAY, Fisheries, SC, Asraya) | 21 | 493290 |
| 8 | നഴ്സറി നിർമ്മാണം | 61 | 11755403 |
| 9 | വാച്ചാൽ പുനഃരുദ്ധാരണം | 10 | 5436084 |
| 10 | കിണർ നിർമ്മാണം | 3 | 92153 |
| 11 | പശുത്തൊഴുത്ത് നിർമ്മാണം | 2 | 131313 |
| 12 | കാന നിർമ്മാണം | 2 | 868000 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 3258800 | പാലിയേറ്റീവ് കെയർ | 325800 | -- |
| ജില്ലാപഞ്ചായത്ത് | 2017-18 | 380000 | ലൈഫ് ഭവന പദ്ധതി | 3800000 | -- |
| ബ്ലോക്ക് | 2017-18 | 200000 | പാൽ സബ്സിഡി | 200000 | |
| ബ്ലോക്ക് | 2017-18 | 192356 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 192356 | -- |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 195000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150800 | 44200 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 661001 | അനുപൂരകപോഷണം | | 661001 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | നടപ്പാതകളിലെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 41700314 -41700322. dt:31.03.18 | 2566432 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 2566432 |
| വാട്ടർ അതോറിറ്റി | എസ്. ഡി. വി. ഗവ.യു. പി. എസ്-ആർ ഒ പ്ലാന്റ്. | 24/17-18 /06.01.18-272266 25/17-18 /06.01.18-587734 | 860000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 860000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല --

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28837/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2007/08 | 3-15 | 2500 | ജയപ്രകാശ്, സെക്രട്ടറി | 4845/09.10.17 |
| 2012/13 | 2-4 | 1000 | മനോജ് എം &എം ഫാം | 4408/26.09.17 |
| 2015/16 | 2-1 | 1000 | മാനേജർ, മക്കാരം ട്രയിഡിംഗ് സെന്റർ | 3504/07.08.17 |
| 2015/16 | 2-1 | 1000 | മാനേജർ, മാർവെൽ മാർബിൾസ് | 3305/07.08.17 |

| | | | | |
|---|---|---|---|---|
| 2015/16 | 2-1 | 1900 | സുദീപ് ഹമീദ്, സഫർ മൻസിൽ | 3545/09.08.17 |
| 2016/17 | 3-3 | 8000 | സ്വസ്തിക് ഏജൻസീസ്. | 900000/13.09.17 |
| 2016/17 | 3-12 | 2040 | എ.ഇ, എൽ.എസ്.ജി.ഡി | 3470/07.08.17 |

| | | | | |
|---|---|---|---|---|
| 2016-17 | 3-19 | 1680 | ബീനമോൾ, പരിയാരം, വണ്ടാനം | 3972/23.08.17 |
| 2016-17 | 3-4(a) | 717 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 878<br>883/23.03.18<br>884 |
| | 3-4(b) | 5000 | | |
| | 3-4(c) | 4000 | | |
| | | 28837 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡിക | സർട്ടിഫിക്കറ്റിന്റെ വിവരം | | ഉൾപ്പെട്ട തുക | | സ്വയം അടവാക്കിയ തുക (രസീത് നം., തീയതി) | റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരം | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ചാർജ്ജ് | സർച്ചാർജ്ജ് | ചാർജ്ജ് | സർ ച്ചാർജ്ജ് | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | സെബാസ്റ്റ്യൻ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 2008-09 ഖ. 3-12 | | LF.2600/ B3/2013 dtd 09.03.15 | | 165000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 165000 | 27.04.15-ലെ 8(2)-ാം നമ്പർ തീരുമാന പ്രകാരം ആർ.അർ നടത്തുവാൻ തീരുമാനിച്ച |
| 2 | അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | ബി.ജോയി, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 2007-08 ഖ.3-12 | | LF.2599/ CSC/B3/ 2013 dtd.07.04.15 | | 30000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30000 | 10.03.2013 ൽ രജിസ്റ്റേഡായി നോട്ടീസ് നൽകി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65246929 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73068223 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3952663 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2.1 | | 7840 | ശ്രീ.പി.എസ്.രാമചന്ദ്രൻ, സെക്രട്ടറി |
| 3.2.2 | | 2550 | ശ്രീ.പി.എസ്.രാമചന്ദ്രൻ, സെക്രട്ടറി |
| ആകെ | | 10390 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3.1 | 3426432 | |
| 3.3.2 | 100800 | ശ്രീ.പി.എസ്.രാമചന്ദ്രൻ, സെക്രട്ടറി |
| 3.3.3 | 312500 | ഡോ.ബിജു.എസ്, വെറ്ററിനറി സർജൻ |
| 3.3.6 | 3000 | ശ്രീമതി.ജിജി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.4.2 | 80000 | ഡോ.ഷിബു.എസ്,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3.4.3 | 29931 | ശ്രീമതി.ഉമാദേവി വി.എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 3952663 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എസ്.രാമചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി,മുഹമ്മ ഗ്രാമപഞ്ചായത്ത് | പാർവ്വതി നിലയം, നോർത്ത് ആര്യാട്.പി.ഒ, ആലപ്പുഴ |
| ശ്രീമതി.ജിജി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | സൺറൈസ് വില്ല, വളത്തുങ്കൽ.പി.ഒ, കൊല്ലം. |
| ഡോ.ബിജു.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | ചേരങ്കര, മേത്തല പി.ഒ, എറണാകുളം |
| ഡോ.ഷിബു.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | മേലെ കല്ലുവിള,പാറോട്ട് കോണം,നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം |
| ശ്രീമതി.ഉമാദേവി വി.എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | കാട്ടുങ്കൽ ഹൗസ്, വട്ടയാൽ,തിരുവമ്പാടി പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/03.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/03.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15/05.10.15 |
| 2014-15 | കെ.എസ്.എ.- എ.എൽ.പി.-പി.8/623/2016തീയതി 13.06.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.8-1334/16 /02.12.16 |
| 2016-17 | കെ.എസ്.എ.- എ.എൽ.പി.-പി.8 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം.1

•

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(1)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 04.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി

കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ